# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - ടി.2871** **22.02.2016- ലെ മറുപടിക്ക്**

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

**ചോദ്യം**

ഡോ.ടി.എം.തോമസ് ഐസക്ക്
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.കെ.രാധാകൃഷ്ണൻ
ഡോ.കെ.ടി.ജലീൽ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പും ഫലപ്രാപ്തിയും ഓൺലൈൻ സംവിധാനമായ പ്ലാൻ സ്പേസ് വഴി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ;

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ വിവിധ വാർഷിക പദ്ധതികളുടെ നിർവ്വഹണം പ്ലാൻ സ്പേസ് വഴി വിലയിരുത്തി വരുന്നുണ്ട്. പ്ലാൻ സ്പേസിൽ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു.ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

(ബി) ഓരോ വർഷവും പദ്ധതി നിർവ്വഹണം പിറകോട്ട് പോയിക്കൊണ്ടിരിക്കുകയാണെന്നവിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

പ്ലാൻ സ്പേസ് സമർപ്പിച്ച മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലപാട് വെളിപ്പെടുത്താമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി വിഹിതവിനിയോഗത്തിന്റെ വളർച്ചാനിരക്ക് താഴെ പറയും പ്രകാരമാണ്.

| വർഷം | പദ്ധതി അടങ്കൽ | വർദ്ധനവ് (ശതമാനത്തിൽ) | പദ്ധതി ചെലവ് | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|
| 2012-13 | 14010 | 16.65 | 14736.92 | 25.32 |
| 2013-14 | 17000 | 21.34 | 14901.29 | 1.12 |
| 2014-15 | 20000 | 17.64 | 15567.26 | 4.47 |
| 2015-16 | 20000 | - | 9605.74 (31/01/2016 വരെ) | |

(സി) 2012-13,2013-14,2014-15,2015-16 വർഷങ്ങളിലെ വാർഷികപദ്ധതികളുടെ മൊത്തം തുകയും യഥാർത്ഥത്തിൽ പിൻവലിച്ചതുകയും എത്ര; മൊത്തം തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി എന്നറിയിയ്ക്കുമോ?

(സി) 2012-13 മുതലുള്ള പദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം താഴെ പറയുന്നു.

(രൂപ കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2012-13 | 14010 | 14736.92 | 105.19 |
| 2013-14 | 17000 | 14901.29 | 87.65 |
| 2014-15 | 20000 | 15567.26 | 77.84 |
| 2015-16 (ജനുവരി 31 വരെ) | 20000 | 9605.74 | 48 |

സെക്ഷൻ ഓഫീസർ.